**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - മത്സ്യബന്ധനത്തിനിടെ കാണാതാകുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്കുള്ള ധനസഹായമായി ഒരു ലക്ഷം രൂപ അവകാശികൾക്ക് നൽകുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാൻ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.198/2026/F&P തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. 25.07.2025 ലെ 184-ാമത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് യോഗം
2. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണറുടെ 23/08/2025-ലെ KFWFB/872/2025-F നമ്പർ കത്ത്.

**ഉത്തരവ്**

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി മത്സ്യബോർഡിന്റെ തുടക്കം മുതൽ നടപ്പാക്കി വരുന്ന പദ്ധതിയാണ് ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്തിട്ടുണ്ട്. മത്സ്യബന്ധനത്തിനിടെ കാണാതാകുന്ന മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്കും ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ കാണാതായി 7 വർഷം കഴിഞ്ഞാണ് ഇൻഷുറൻസ് കമ്പനി മിസ്സിംഗ് ക്ലയിമുകൾ പരിഗണിക്കുന്നത്. ഇത് മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്.

2) മത്സ്യബന്ധനത്തിനിടെ കാണാതാകുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് മത്സ്യത്തൊഴിലാളിയെ കാണാതായി 3 മാസത്തിനുശേഷം ബോർഡിന്റെ തനതു പദ്ധതിയായ "മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി" പ്രകാരമുള്ള ധനസഹായം (ഒരു ലക്ഷം രൂപ), ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി അവകാശികൾക്ക് നൽകുന്നതിന് പരാമർശം (1) പ്രകാരമുള്ള ബോർഡ് യോഗം അനുമതി നൽകിയതായി മത്സ്യബോർഡ് കമ്മീഷണർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു. ഏതെങ്കിലും കാരണവശാൽ കാണാതായ മത്സ്യത്തൊഴിലാളി തിരിച്ചു വരുന്ന സാഹചര്യത്തിൽ ഈ തുക തിരികെ ഈടാക്കേണ്ടതാണെന്നും അവകാശികളിൽ നിന്നും ഇതിനായി 200/- രൂപയുടെ മുദ്രപത്രത്തിൽ സാക്ഷ്യപത്രം വാങ്ങേണ്ടതാണെന്നും ബോർഡ് തീരുമാനിച്ചതായും മത്സ്യബോർഡ് കമ്മീഷണർ പരാമർശം (2) പ്രകാരം അറിയിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മത്സ്യബന്ധനത്തിനിടെ കാണാതാകുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് മത്സ്യത്തൊഴിലാളിയെ കാണാതായി 3 മാസത്തിനുശേഷം, ബോർഡിന്റെ തനതു പദ്ധതിയായ "മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി" പ്രകാരമുള്ള ധനസഹായമായി ഒരു ലക്ഷം രൂപ, ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവകാശികൾക്ക് നൽകുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് കമ്മീഷണർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ,തിരുവനന്തപുരം.
കമ്മീഷണർ, കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം.സി3/43/2026/മതുവ)

ഉത്തരവിൻ പ്രകാരം

Signed by
സെക്ഷൻ ഓഫീസർ
Sabitha Shiju
Date: 07-03-2026 12:16:21